പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 932

10.02.2016 -ലെ മറുപടിയ്ക്ക്

## അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി : | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ എന്തെല്ലാം; ഈ സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥ പ്രകാരം ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാർ എത്ര; | (എ) 1991 ലെ കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരമാണ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ലേബർ ടെസ്റ്റ് പാസ്സായിട്ടുള്ള സീനിയർ ക്ലാർക്കുമാരിൽ നിന്നും സീനിയോറിറ്റി ക്രമത്തിൽ സ്ഥാനക്കയറ്റം മുഖേനയും കേരള പബ്ലിക്ക് സർവ്വീസ് കമ്മിഷൻ മുഖേന നേരിട്ടും യഥാക്രമം 3:1 എന്ന അനുപാതത്തിൽ നിയമനം നടത്തേണ്ടതാണ്. പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾക്ക് മാത്രമാണ് അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബി.എ, ബി.എസ്.സി, ബി.കോം. ബിരുദത്തോടൊപ്പം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഇൻഡസ്ട്രിയൽ ലാ ബിരുദമോ, തൊഴിൽ നിയമങ്ങൾ ഓപ്ഷണലായുള്ള നിയമബിരുദമോ, തൊഴിൽനിയമങ്ങൾ ഉൾപ്പെടെ സോഷ്യൽ വർക്കിൽ നേടിയ ബിരുദാനന്തരബിരുദമോ, പേഴ്സണൽ മാനേജ്മെന്റ് & ഇൻഡസ്ട്രിയൽ റിലേഷൻസിലുള്ള ബിരുദാനന്തര ബിരുദമോ ആണ് യോഗ്യത. 3:1 എന്ന അനുപാതത്തിൽ നിയമനം നടത്തുമ്പോൾ ആദ്യത്തെ മൂന്ന് ഒഴിവുകൾ സീനിയർ ക്ളാർക്കുമാരിൽനിന്നും ബൈട്രാൻസ്ഫർ പ്രൊമോഷൻ മുഖേനയും നാലാമത്തെ ഒഴിവിൽ നേരിട്ടുള്ള നിയമനവും നടത്തേണ്ടതാണ്. ലേബർ കമ്മീഷണറാണ് നിയമനാധികാരി. 23 വയസ്സ് പൂർത്തിയായി 35 വയസ്സ് കഴിയാത്തവരെയാണ് |

നേരിട്ടുള്ള നിയമനത്തിനായി പരിഗണിക്കുന്നത്. സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥ പ്രകാരം 93 ജീവനക്കാർ എക്സിക്യൂട്ടീവ് വിഭാഗത്തിലേക്ക് ഓപ്ഷൻ നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം; നിലവിലെ സ്ഥിതിയെന്താണ് വ്യക്തമാക്കാമോ; | (ബി) 1991- ലെ കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശം ഉണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് നിലവിലുള്ള നിയമന അനുപാതം 3:1; വകുപ്പിലെ ജീവനക്കാർ 3 നേരിട്ടുള്ള നിയമനം 1 എന്നത് 1:1 എന്ന് പരിഷ്ക രിക്കുന്നതും ബൈ ട്രാൻസ്ഫർ പ്രൊമോഷൻ മുഖേന അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് പ്രൊമോഷന് അർഹരാകുന്ന സീനിയർ ക്ലാർക്കുമാർക്ക് അംഗീകൃത സർവ്വകലാശാല ബിരുദം ഉൾപ്പെടുത്തുന്നതുമാണ് പ്രധാന നിർദ്ദേശങ്ങൾ. സ്പെഷ്യൽ റൂൾസ് പരിഷ്കരണത്തിനു മുന്നോടിയായി 06/01/2016-ലെ 25955/ഡി3/2015/തൊഴിൽ നമ്പർ കത്തു പ്രകാരം സർവ്വീസ് സംഘടനാ പ്രതിനിധികളുടെയും, വകുപ്പിലെ ജീവന ക്കാരുടേയും, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II റാങ്ക് ഹോൾഡർമാരുടെയും സംയുക്തയോഗം 13.01.2016 തീയതിയിൽ വിളിച്ചു ചേർക്കുകയുണ്ടായി. പി.എസ്.സി റാങ്ക് ഹോൾഡർമാരുടെയും ജീവനക്കാരുടെയും വാദങ്ങൾ കേൾക്കുകയും ചെയ്തു. 10/02/2016 തീയതിയിൽ സർവ്വീസ് സംഘടനാ പ്രതിനിധികളുടെ യോഗം വീണ്ടും ചേരുവാൻ തീരുമാനിച്ചി ട്ടുണ്ട്. |
| (സി) അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേക്ക് ഓപ്ഷൻ നൽകിയ യു.ഡി.സി.മാർ സർവ്വീസിൽ ജൂനിയറായ സൂപ്പർവൈസർമാരുടെ കീഴിൽ ജോലി നോക്കേണ്ട സാഹചര്യം ഒഴിവാക്കാൻ എന്ത് തീരുമാനം കൈകൊള്ളുമെന്ന് വിശദീകരിക്കാമോ? | (സി) നിലവിലെ സ്ഥിതി തുടരുന്നതാണ്. |

Sreeleda

സെക്ഷൻ ഓഫീസർ